# ALL INDIA RADIO THIRUVANANTHAPURAM

## ആകാശവാണി, തിരുവനന്തപുരം
## പ്രാദേശിക വാർത്തകൾ

**TIME: 06.30 PM** **DATE:05-04-2025**

### പ്രധാനവാർത്തകൾ

1.) പ്രധാനമന്ത്രി നരേന്ദ്ര മോദിക്ക് ശ്രീലങ്കയുടെ പരമോന്നത സിവിലിയൻ ബഹുമതിയായ മിത്ര വിഭൂഷണ പുരസ്കാരം; ബഹുമതി ഇന്ത്യയിലെ ജനങ്ങൾക്കുള്ളതാണെന്ന് പ്രധാനമന്ത്രി.

2.) സർക്കാർ ആശുപത്രികളിൽ സേവനങ്ങൾക്കുള്ള തുക ഡിജിറ്റലായി അടക്കാനുള്ള സംവിധാനം ഒരുക്കി സംസ്ഥാന സർക്കാർ.

3.) കൊച്ചിയിൽ തൊഴിൽ പീഡനം നടന്നെന്ന വാർത്തയിൽ സ്വമേധയാ കേസെടുത്ത് സംസ്ഥാന യുവജന കമ്മീഷൻ.

4.) സംസ്ഥാനത്ത് ഇന്നും നാളെയും ഇടിമിന്നലോട് കൂടിയ ശക്തമായ മഴയ്ക്ക് സാധ്യത; ഇന്ന് ആറു ജില്ലകളിൽ മഞ്ഞ ജാഗ്രത.

5.) ഐപിഎൽ ക്രിക്കറ്റിൽ ഇന്നത്തെ ആദ്യ മത്സരത്തിൽ ഡൽഹി ക്യാപിറ്റൽസിനെതിരെ ചെന്നൈക്ക് 184 റൺസ് വിജയലക്ഷ്യം.

&&&&&&&&&&&&&&&&&&&&&

RNU TVPM

## ഹെഡ് ലൈൻ - 1

### പി.എം - ശ്രീലങ്ക (ഇൻട്രോ)

പ്രധാനമന്ത്രി നരേന്ദ്ര മോദി ശ്രീലങ്കൻ പ്രസിഡന്റ് അനുര കുമാര ദിസനായകെയുമായി കൊളംബോയിൽ ഉഭയകക്ഷി ചർച്ചകൾ നടത്തി. പ്രതിരോധം, ഊർജ്ജം, വ്യാപാരം തുടങ്ങി വിവിധ മേഖലകളിലെ സഹകരണം ലക്ഷ്യമിട്ടുള്ള കരാറുകളിൽ ഇരുരാജ്യങ്ങളും ഒപ്പുവച്ചു.
മത്സ്യത്തൊഴിലാളികളുടെ പ്രശ്നത്തിൽ മാനുഷിക സമീപനം സ്വീകരിക്കാൻ ഇരുനേതാക്കളും തമ്മിൽ ധാരണയായി. ശ്രീലങ്കയിൽ പിടിയിലാകുന്ന മത്സ്യത്തൊഴിലാളികളെ കാലതാമസമില്ലാതെ വിട്ടയക്കണമെന്ന് അഭ്യർത്ഥിച്ചതായി പ്രധാനമന്ത്രി പറഞ്ഞു.
**( വോയിസ്... )**
മൂന്ന് ദിവസത്തെ സന്ദർശനത്തിനായി ഇന്നലെ ശ്രീലങ്കയിലെത്തിയ പ്രധാനമന്ത്രി നരേന്ദ്ര മോദിക്ക് പരമോന്നത സിവിലിയൻ ബഹുമതിയായ മിത്ര വിഭൂഷണ പുരസ്കാരം പ്രസിഡന്റ് അനുര കുമാര ദിസനായകെ സമ്മാനിച്ചു. പുരസ്കാരം ഇന്ത്യൻ ജനതയ്ക്ക് സമർപ്പിക്കുന്നതായി പ്രധാനമന്ത്രി പറഞ്ഞു.

RNUTVPM

&&&&&&&&&&&&&&&&&&&&

### പാമ്പൻ പാലം - പ്രധാനമന്ത്രി

തമിഴ്നാട്ടിലെ നവീകരിച്ച പാമ്പൻ റെയിൽ പാലം പ്രധാനമന്ത്രി നരേന്ദ്രമോദി നാളെ രാജ്യത്തിന് സമർപ്പിക്കും. കേന്ദ്ര റെയിൽവേ മന്ത്രി അശ്വിനി വൈഷ്ണവ് ഇന്ന് പാലം സന്ദർശിച്ച് അവസാനഘട്ട ഒരുക്കങ്ങൾ വിലയിരുത്തി. രാജ്യത്തിന്റെ റെയിൽവേ ചരിത്രത്തിൽ പാമ്പൻ പാലത്തിന് സുപ്രധാന സ്ഥാനമാണുള്ളതെന്ന് കേന്ദ്രമന്ത്രി പറഞ്ഞു.

&&&&&&&&&&&&&&&&&&&&

## ഹെഡ് ലൈൻ - 2

## ഡിജിറ്റൽ പണമടയ്ക്കൽ -സർക്കാർ ആശുപത്രി

സംസ്ഥാനത്തെ സർക്കാർ ആശുപത്രികളിൽ വിവിധ സേവനങ്ങൾക്കുള്ള തുക ഡിജിറ്റലായി അടയ്ക്കാൻ കഴിയുന്ന സംവിധാനം സജ്ജമാക്കിയതായി ആരോഗ്യമന്ത്രി വീണാ ജോർജ്. ആദ്യഘട്ടത്തിൽ 313 ആശുപത്രികളിൽ ആരംഭിക്കുന്ന സംവിധാനം ഒരു മാസത്തിനകം മറ്റ് ആശുപത്രികളിൽ കൂടി സജ്ജമാക്കും. ഡിജിറ്റലായി പണമടയ്ക്കാനുള്ള സംവിധാനം, ഓൺലൈൻ ഒപി ടിക്കറ്റ്, എം-ഇഹെൽത്ത് ആപ്പ് തുടങ്ങിയവയുടെ ഉദ്ഘാടനം മന്ത്രി വീണാ ജോർജ് മറ്റന്നാൾ നിർവഹിക്കും.

&&&&&&&&&&&&&&&&&&&&

## ഹെഡ് ലൈൻ - 3

## കൊച്ചി - തൊഴിൽപീഡനം

RNU TVPM

കൊച്ചിയിൽ പ്രവർത്തിക്കുന്ന ഹിന്ദുസ്ഥാൻ പവർ ലിങ്ക്സ് എന്ന സ്ഥാപനത്തിൽ തൊഴിൽ പീഡനം നടന്നെന്ന വാർത്തയിൽ സംസ്ഥാന യുവജന കമ്മീഷൻ സ്വമേധയാ കേസെടുത്തു. എറണാകുളം ജില്ലാ പോലീസ് മേധാവിയോട് കമ്മീഷൻ റിപ്പോർട്ട് തേടിയിട്ടുണ്ട്. സ്ഥാപനത്തിന്റെ കലൂർ ജനതാ റോഡിലെ ശാഖയിൽ തൊഴിലാളികളെ ഉപദ്രവിക്കുന്ന ദൃശ്യങ്ങൾ പുറത്തായതിനെ തുടർന്നാണ് നടപടി.

&&&&&&&&&&&&&&&&&&&&

## കണ്ണൂർ (ഇൻട്രോ)

കണ്ണൂർ ജില്ലയെ ഹരിത ശുചിത്വ ജില്ലയായി പ്രഖ്യാപിച്ചു. ജില്ലാ പഞ്ചായത്ത് ഓഡിറ്റോറിയത്തിൽ നടന്ന ചടങ്ങിൽ മന്ത്രി രാമചന്ദ്രൻ കടന്നപ്പള്ളിയാണ് പ്രഖ്യാപനം നടത്തിയത്.

**വിശദാംശങ്ങളുമായി ആകാശവാണി കണ്ണൂർ ജില്ലാ പ്രതിനിധി കെ.ഒ.ശശിധരൻ...... (വോയ്സ്)**

&&&&&&&&&&&&&&&&&&&&

## എട്ടാം ക്ലാസ് - പരീക്ഷാഫലം

എട്ടാം ക്ലാസ് എഴുത്തു പരീക്ഷയിൽ ഓരോ വിഷയത്തിലും 30 ശതമാനം മാർക്ക് നേടാത്ത കുട്ടികൾക്ക് ഈ മാസം 8 മുതൽ 24 വരെ അധിക പിന്തുണാ ക്ലാസ്സുകൾ നടത്താൻ തീരുമാനം. വിദ്യാർത്ഥികളുടെ വിവരങ്ങൾ രക്ഷകർത്താക്കളെ അറിയിച്ചിട്ടുണ്ട്. 25 മുതൽ 28 വരെ പുനഃപരീക്ഷ നടത്തി ഫലങ്ങൾ ഏപ്രിൽ 30 നു പുറത്തുവിടും.

&&&&&&&&&&&&&&&&&&&&

## കൈത്തറി യൂണിഫോം

ഈ അധ്യയന വർഷത്തെ സൗജന്യ കൈത്തറി യൂണിഫോം വിതരണത്തിൻറെ സംസ്ഥാനതല ഉദ്ഘാടനം വിദ്യാഭ്യാസ മന്ത്രി വി. ശിവൻകുട്ടി ബുധനാഴ്ച തിരുവന്തപുരത്ത് നിർവഹിക്കും.വ്യവസായ മന്ത്രി പി.രാജീവ് അധ്യക്ഷത വഹിക്കും.

&&&&&&&&&&&&&&&&&&&&

## അഭിഭാഷക - സമരം

കോടതി ഫീസുകളിലെ വർദ്ധനയിൽ പ്രതിഷേധിച്ച് കേരള ഹൈക്കോടതി അഭിഭാഷ സംഘടന ബുധനാഴ്ച പ്രതിഷേധ സമരം നടത്തും. ഫീസ് വർദ്ധനയ്ക്കെതിരെ റിറ്റ് ഹർജി ഫയൽ ചെയ്യാനും തീരുമാനിച്ചിട്ടുണ്ട്. സംഘടനാ യോഗത്തിലാണ് തീരുമാനം.

&&&&&&&&&&&&&&&&&&&&

## നല്ല വാർത്ത

ആകാശവാണി തിരുവനന്തപുരം പ്രാദേശിക വാർത്താ വിഭാഗം അവതരിപ്പിക്കുന്ന പ്രത്യേക പരിപാടിയായ "നല്ല വാർത്ത" എല്ലാ ശനിയാഴ്ചയും വൈകുന്നേരം 6.40 ന്. ഇന്ന് പ്രാദേശിക വാർത്തകൾക്ക് ശേഷം നല്ല വാർത്ത കേൾക്കാവുന്നതാണ്.

&&&&&&&&&&&&&&&&&&&&

RNU TVPM

## യുജിസി - തുല്യതാ ചട്ടക്കൂട്

ഇന്ത്യയിൽ തുടർപഠനം നടത്താനോ ജോലി ചെയ്യാനോ ആഗ്രഹിക്കുന്ന, വിദേശത്ത് വിദ്യാഭ്യാസം പൂർത്തിയാക്കിയ വിദ്യാർത്ഥികൾക്കായി തുല്യതാ ചട്ടക്കൂട് രൂപീകരിക്കുമെന്ന് യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷൻ. ഇന്ത്യയെ ഒരു ആഗോള പഠന കേന്ദ്രമാക്കി മാറ്റാനുള്ള ദേശീയ വിദ്യാഭ്യാസ നയത്തിന്റെ ഭാഗമാണ് നടപടിയെന്ന് യുജിസി ചെയർമാൻ മാമിദാല ജഗദേഷ് കുമാർ പറഞ്ഞു.

&&&&&&&&&&&&&&&&&&&&

## ഹെഡ് ലൈൻ - 4

## കാലാവസ്ഥ

ചക്രവാതച്ചുഴിയുടെ സ്വാധീനത്താൽ സംസ്ഥാനത്ത് ഇന്നും നാളെയും ഇടിമിന്നലോട് കൂടിയ ശക്തമായ മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. പത്തനംതിട്ട, ഇടുക്കി, തൃശൂർ, പാലക്കാട്, മലപ്പുറം, വയനാട് ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രത നൽകിയിട്ടുണ്ട്. കൊല്ലം തീരത്ത് ഇന്നും നാളെയും തിരുവനന്തപുരം, കന്യാകുമാരി തീരങ്ങളിൽ നാളെയും കടലാക്രമണത്തിന് സാധ്യതയുണ്ടെന്ന് ദേശീയ സമുദ്രസ്ഥിതിപഠന ഗവേഷണ കേന്ദ്രം അറിയിച്ചു. മത്സ്യത്തൊഴിലാളികളും തീരദേശവാസികളും ജാഗ്രത പാലിക്കണം.

RNU TVPM

&&&&&&&&&&&&&&&&&&&&

## ഇടുക്കി മഴ (ഇൻട്രോ)

ഇടുക്കിയിൽ വ്യാപക വേനൽമഴ. മണിക്കൂറുകൾ നീണ്ട ശക്തമായ മഴയെ തുടർന്ന് ചിലയിടങ്ങളിൽ നാശനഷ്ടമുണ്ടായി. അയ്യപ്പൻകോവിലിൽ കല്ല് ഇളകി വീണ് സുൽത്താനിയ സ്വദേശിയായ തൊഴിലാളി മരിച്ചു.

**വിശദാംശങ്ങളുമായി ആകാശവാണി ഇടുക്കി ജില്ലാ പ്രതിനിധി രതീഷ് കൃഷ്ണ.......**

**(വോയ്സ്)**

&&&&&&&&&&&&&&&&&&&&

## പത്തനംതിട്ട - മഴ

പത്തനംതിട്ട ജില്ലയിലും കനത്ത മഴ. നഗരത്തിലെ കാനറാ ബാങ്ക് ശാഖയിൽ വെള്ളംകയറി. ഫയർഫോഴ്സ് എത്തി വെള്ളം പമ്പ് ചെയ്ത് കളഞ്ഞെങ്കിലും വൈകിട്ട് മൂന്നരയ്ക്കു ശേഷം ബാങ്കിൻറെ പ്രവർത്തനങ്ങൾ നിലച്ചു. ബാങ്കിന് സമീപത്തായി മേൽപ്പാലത്തിൻറെ പണി നടക്കുന്ന പ്രദേശത്തും വെള്ളക്കെട്ട് ഉണ്ടായത് ജനങ്ങളെ ബുദ്ധിമുട്ടിലാക്കി.

&&&&&&&&&&&&&&&&&&&&

## ഹെഡ് ലൈൻ - 5

## ഐ പി എൽ

ഐപിഎൽ ക്രിക്കറ്റിൽ ചെന്നൈ സൂപ്പർ കിംഗ്സ് - ഡൽഹി ക്യാപിറ്റൽസ് മത്സരം പുരോഗമിക്കുന്നു; ഡൽഹിക്കെതിരെ ചെന്നൈക്ക് 184 റൺസ് വിജയലക്ഷ്യം. രാത്രി 7.30 ന് നടക്കുന്ന രണ്ടാം മത്സരത്തിൽ രാജസ്ഥാൻ റോയൽസ്, പഞ്ചാബ് കിംഗ്സുമായി ഏറ്റുമുട്ടും.

&&&&&&&&&&&&&&&&&&&&

## സ്വർണ്ണവില

സ്വർണ്ണവിലയിൽ ഇന്നും ഇടിവ്. പവന് 720 രൂപ കുറഞ്ഞ് 66,480 രൂപയും ഗ്രാമിന് 90 രൂപ കുറഞ്ഞ് 8,310 രൂപയുമാണ് ഇന്നത്തെ വില.

&&&&&&&&&&&&&&&&&&&&

## പാലക്കാട് സ്വദേശ് ദർശൻ (ഇൻട്രോ)

ടൂറിസം മന്ത്രാലയത്തിന്റെ സ്വദേശ് ദർശൻ പദ്ധതിയിൽ ഉൾപ്പെടുത്തി പാലക്കാട് ജില്ലയിലെ മലമ്പുഴ ഉദ്യാനവും പാർക്കും നവീകരിക്കും. സംസ്ഥാന സർക്കാരിന്റെ പദ്ധതിക്ക് കേന്ദ്രാനുമതി ലഭിച്ചതോടെയാണ് നവീകരണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നത്.

**കൂടുതൽ വിവരങ്ങളുമായി ആകാശവാണി പാലക്കാട് ജില്ലാ പ്രതിനിധി ഫൈസൽ അലിമുത്ത്.......**

**(വോയ്സ്)**

&&&&&&&&&&&&&&&&&&&&

RNU TVPM

## <u>സർഫിംഗ് ഫെസ്റ്റിവൽ</u>

ടൂറിസം വകുപ്പ് സംഘടിപ്പിക്കുന്ന അന്താരാഷ്ട്ര സർഫിംഗ് ഫെസ്റ്റിവലിൻറെ രണ്ടാം പതിപ്പിന് വർക്കല വേദിയാകും. ഈ മാസം 10 ന് മന്ത്രി പി.എ മുഹമ്മദ് റിയാസ് ഫെസ്റ്റിവൽ ഉദ്ഘാടനം ചെയ്യും. 11 മുതൽ 13 വരെ എല്ലാ ദിവസവും രാവിലെ 6 മുതൽ ഉച്ചയ്ക്ക് 12 മണി വരെയാണ് മത്സരങ്ങൾ.

&&&&&&&&&&&&&&&&&&&&

## <u>ബിജെപി - സ്ഥാപകദിനം</u>

ബിജെപി സ്ഥാപകദിനം നാളെ. തിരുവന്തപുരത്തെ സംസ്ഥാന കാര്യാലയത്തിൽ പാർട്ടി സംസ്ഥാന അധ്യക്ഷൻ രാജീവ് ചന്ദ്രശേഖർ പതാക ഉയർത്തും.

&&&&&&&&&&&&&&&&&&&&

## <u>വയനാട് - ആക്ഷൻ കമ്മിറ്റി</u>

വയനാട് കൽപ്പറ്റ പോലീസ് സ്റ്റേഷനിലെ ശുചിമുറിയിൽ ആദിവാസി യുവാവിനെ മരിച്ച നിലയിൽ കണ്ടെത്തിയ സംഭവത്തിൽ കുറ്റാരോപിതരായ മുഴുവൻ പോലീസുകാരെയും സർവീസിൽ നിന്നും പിരിച്ചുവിടണമെന്ന് ആക്ഷൻ കമ്മിറ്റി ആവശ്യപ്പെട്ടു. കേസ് സി ബി ഐ അന്വേഷിക്കണമെന്നും ഈ മാസം10ന് കളക്ടറേറ്റിലേക്ക് മാർച്ച് നടത്തുമെന്നും ആക്ഷൻ കമ്മിറ്റി പറഞ്ഞു.

&&&&&&&&&&&&&&&&&&&&

## <u>ഓപ്പറേഷൻ ഡി ഹണ്ട്</u>

ഓപ്പറേഷൻ ഡി-ഹണ്ടിൻറെ ഭാഗമായി സംസ്ഥാനവ്യാപകമായി നടത്തിയ സ്പെഷ്യൽ ഡ്രൈവിൽ 141 കേസുകൾ കൂടി രജിസ്റ്റർ ചെയ്തു. നിരോധിത മയക്കുമരുന്ന് കൈവശം വച്ചതിന് 149 പേരാണ് അറസ്റ്റിലായത്. 2,276 പേരെ പരിശോധനയ്ക്ക് വിധേയമാക്കി.

&&&&&&&&&&&&&&&&&&&&

PRD TVPM

## ലഹരി വിരുദ്ധ കാമ്പയിൻ-ഇടുക്കി

ഇടുക്കി ജില്ലയിൽ സംഘടിപ്പിക്കുന്ന ലഹരിവിരുദ്ധ പ്രചരണ പരിപാടികൾ ചൊവ്വാഴ്ച മന്ത്രി റോഷി അഗസ്റ്റിൻ ഉദ്ഘാടനം ചെയ്യും. സംസ്ഥാനസർക്കാരിന്റെ ലഹരി വിരുദ്ധ കാമ്പയിനിന്റെ ഭാഗമായി സ്പോർട്സ് കൗൺസിലിന്റെ നേതൃത്വത്തിലാണ് പരിപാടി സംഘടിപ്പിക്കുന്നത്. ചടങ്ങിൽ ജില്ലാ കളക്ടർ വി. വിഘ്നേശ്വരി അദ്ധ്യക്ഷത വഹിക്കും.

&&&&&&&&&&&&&&&&&&&&

## ആമയിഴഞ്ചാൻതോട്

തിരുവനന്തപുരം ആമയിഴഞ്ചാൻ തോട്ടിൽ റയിൽവേ ഉൾപ്പെടെയുള്ള സ്ഥാപനങ്ങളും വ്യക്തികളും മാലിന്യം നിക്ഷേപിക്കുന്നുണ്ടോ എന്നത് സംബന്ധിച്ച് മനുഷ്യാവകാശ കമ്മീഷൻ അന്വേഷണം നടത്തും. രണ്ടു മാസത്തിനുള്ളിൽ അന്വേഷണ റിപ്പോർട്ട് നൽകാൻ കമ്മീഷനിലെ മുഖ്യ അന്വേഷണ ഉദ്യോഗസ്ഥനു നിർദ്ദേശം നൽകി. കമ്മീഷന് ലഭിച്ച പരാതിയുടെ അടിസ്ഥാനത്തിലാണ് നടപടി.

RNU TVPM

&&&&&&&&&&&&&&&&&&&&

&&&&&&&&&&&&&&&&&&

&&&&&&&&&&&&&&